(സി) വിജിലൻസ് ത്വരിത അന്വേഷണങ്ങളുടെ വെളിച്ചത്തിൽ അഴിമതി ആരോപിക്കപ്പെട്ട ഏതെല്ലാം മന്ത്രിമാരുടെയും ഐ.എ.എസ്./ഐ.പി.എസ്. ഓഫീസർമാരുടെയും പേരിൽ വിജിലൻസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ഉണ്ട്.

(സി) വിജിലൻസ് ത്വരിത അന്വേഷണങ്ങളുടെ വെളിച്ചത്തിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് മന്ത്രിമാരുടെയും ഐ.എ.എസ്./ ഐ.പി.എസ്. ഓഫീസർമാരുടെയും പേരിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടില്ല.

ബാർ കോഴക്കേസ്സിൽ വിജിലൻസ് അന്വേഷണം

250 (3072) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർകോഴ കേസിൽ വിജിലൻസ് ഡയറക്ടർ നാളിതുവരെ അന്വേഷണ റിപ്പോർട്ടുകളിന്മേൽ ആരിൽ നിന്നെല്ലാം നിയമോപദേശം തേടിയിട്ടുണ്ട് ;

(ബി) ആരുടെയെല്ലാം നിയമോപദേശങ്ങൾ ഡയറക്ടർക്ക് ലഭിക്കുകയുണ്ടായി ; ഏതെല്ലാം തീയതികളിൽ ; ലഭിച്ച നിയമോപദേശങ്ങളുടെ ഓരോ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ;

(സി) ബാർകോഴ കേസ്സന്വേഷണം സംബന്ധിച്ച് ഹൈക്കോടതിയിൽ വന്ന ഹർജികൾ തീർപ്പാക്കിക്കൊണ്ട് കോടതി വിജിലൻസിന് നൽകിയ നിർദ്ദേശം എന്തായിരുന്നു ; അത് ഏത് തീയതിയിലായിരുന്നു ;

(ഡി) അന്വേഷണ ഉദ്യോഗസ്ഥൻ വസ്തുതാവിവരണ റിപ്പോർട്ട് ഡയറക്ടർക്ക് സമർപ്പിച്ചത് ഏത് തീയതിയിലായിരുന്നു ;

(ഇ) കോടതി നിർദ്ദേശം അനുസരിച്ച്, അന്വേഷണ ഉദ്യോഗസ്ഥന്റെ വസ്തുതാവിവരണ റിപ്പോർട്ട് കിട്ടിയ ഉടൻ ആയത് കോടതിയിൽ സമർപ്പിക്കാതിരുന്നത് എന്തുകൊണ്ടായിരുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

. (എ&ബി) ബാർ കോഴക്കേസ്സിൽ സുപ്രീംകോടതിയിലെ അഭിഭാഷകരായ അറ്റോർണി ജനറൽ ഓഫ് ഇന്ത്യ, സോളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ എന്നിവരുടെ നിയമോപദേശം തേടുന്നതിനായി വിജിലൻസ് ഡയറക്ടർ ശ്രമിച്ചെങ്കിലും അവർ മറുപടിയൊന്നും നൽകാത്തതിനാൽ സുപ്രീംകോടതിയിലെ ശ്രീ. എൽ. നാഗേശ്വരറാവു, ശ്രീ. മോഹൻ പരാശരൻ എന്നിവരുടെ നിയമോപദേശം തേടിയിട്ടുണ്ട്. ശ്രീ. മോഹൻ പരാശരന്റെ (മുൻ സോളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ) നിയമോപദേശം 16-6-2015-ലും ശ്രീ. എൽ. നാഗേശ്വരറാവുവിന്റെ (മുൻ അറ്റോർണി ജനറൽ ഓഫ് ഇന്ത്യ) നിയമോപദേശം 22-6-2015-ലും ലഭിച്ചു. കേസ്സുമായി ബന്ധപ്പെട്ട രേഖകളായതിനാൽ അവ ഹാജരാക്കാൻ നിർവ്വാഹമില്ല.

(സി) ബാർ കോഴക്കേസ്സിന്റെ അന്വേഷണ ഘട്ടത്തിൽ 3-12-2014-ൽ ശ്രീ. വി. എസ്. സുനിൽകുമാർ, ശ്രീ. പി. കെ. രാജു എന്നിവരുടെ റിട്ട് ഹർജികളും ശ്രീ. വിശ്വനാഥൻനായരുടെ റിട്ട് ഹർജികളും പരിഗണിച്ച് അന്വേഷണ പുരോഗതി കോടതി ആവശ്യപ്പെടുകയും അത് വിലയിരുത്തുകയും അന്വേഷണ ഘട്ടത്തിൽ ഇടപെടേണ്ട സാഹചര്യം ഇല്ലെന്ന് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) 5-6-2015 തീയതിയിൽ

(ഇ) വസ്തുതാ വിവരണ റിപ്പോർട്ട് കിട്ടിയതിനുശേഷം ആയത് വിജിലൻസ് അഡീഷണൽ പോലീസ് ഡയറക്ടർ ജനറലും വിജിലൻസ് ഡയറക്ടറും നിലവിലെ നടപടിക്രമമനുസരിച്ച് പരിശോധിക്കുകയുണ്ടായി. ക്രിമിനൽ പ്രൊസീജ്യുവർ കോഡിലെ വകുപ്പ് 38 പ്രകാരവും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ കിഷൻഭായി Vs. സ്റ്റേറ്റ് ഓഫ് ഗുജറാത്ത് (ക്രിമിനൽ അപ്പീൽ നമ്പർ 1455 ഓഫ് 2008) പ്രകാരവും അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലുകൾ സൂക്ഷ്മമായി പരിശോധിച്ച് നിയമപരവും വസ്തുതാപരവുമായ പോരായ്മകളോ വീണ്ടും അന്വേഷണ വിധേയമാക്കേണ്ട കാര്യങ്ങളോ ഉണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കുവാനുള്ള ചുമതലയും ഉത്തരവാദിത്വവും മേലുദ്യോഗസ്ഥർക്കുണ്ട്. വിജിലൻസ് ഡയറക്ടർ അത്തരത്തിലുള്ള പരിശോധന നടത്തി തന്റെ അഭിപ്രായം രേഖപ്പെടുത്തി ആയത് പരിശോധിച്ച് അന്വേഷണ ഉദ്യോഗസ്ഥന് പൂർണ്ണ സ്വാതന്ത്ര്യം നൽകി അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കാനാണ് നിർദ്ദേശം നൽകിയത്. ഇക്കാര്യത്തിൽ യാതൊരുവിധ കാലതാമസവും വരുത്തിയിട്ടില്ല.